## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2065 — 18.07.2016-ൽ മറുപടിയ്ക്ക്

### നബാർഡ്, സെൻട്രൽ റോഡ് ഫണ്ട് എന്നിവയുടെ വിഹിതങ്ങൾ ഉപയോഗിച്ച് പൊതുമരാമത്ത് പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി പി.അയിഷാ പോറ്റി** | **ശ്രീ.ജി.സുധാകരൻ**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ ഭരണകാലയളവിൽ നബാർഡ്, സെൻട്രൽ റോഡ് ഫണ്ട് എന്നീ വിഹിതങ്ങൾ ഉപയോഗിച്ച് എത്ര തുകയുടെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു എന്ന് വിശദമാക്കാമോ ; | (എ) കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ ഭരണകാലയളവിൽ നബാർഡ് വിഹിതം ഉപയോഗിച്ച് 1118.88 കോടി രൂപയുടേയും സെൻട്രൽ റോഡ് ഫണ്ട് വിഹിതം ഉപയോഗിച്ച് 434.246 കോടി രൂപയുടെയും പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഇനത്തിൽ ഭരണാനുമതി ലഭിച്ചതിൽ കൊല്ലം ജില്ലയിൽ പ്പെടുന്ന പ്രവൃത്തികളുടെ വിശദാംശ ങ്ങളും നിലവിലുള്ള സ്ഥിതിയും വെളിപ്പെടുത്താമോ ? | (ബി) പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## നബാർഡ് വിഹിതം ഉപയോഗിച്ച് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

| ആർ.ഐ.ഡി. എഫ് | പദ്ധതിയുടെ പേര് | പദ്ധതി ചെലവ് (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| XVII | കൊറ്റംകുളങ്ങര ചോല റോഡ് 0/000 മുതൽ 3/000 വരെ | 345 | പൂർത്തിയായിട്ടുണ്ട് |
| XIX | മൂന്നാറ്റുമുക്ക് പാലം നിർമ്മാണം | 100 | പൂർത്തിയായിട്ടുണ്ട് |
| XX | കേരളപുരം ആയൂർ റോഡ് നവീകരണം 0/000 മുതൽ 8/900 വരെ | 615.60 | പൂർത്തിയായിട്ടുണ്ട് |
| XX | കിഴക്കേത്തെരുവ് പത്തനാപുരം റോഡ് നവീകരണം 3/700 മുതൽ 10/800 വരെ ഒന്നാം ഘട്ടം | 658.00 | പ്രവൃത്തി നടന്നുവരുന്നു |
| XX | പേരൂർ വഞ്ചിമുക്ക് ഡീസന്റ് ജംഗ്ഷൻ റോഡ് പുനർ നിർമ്മാണം-0/000 മുതൽ 1/500 വരെ | 142.50 | പൂർത്തിയായിട്ടുണ്ട് |
| XX | കല്ലട നദിക്കു കുറുകെയുള്ള എലിക്കാട്ടൂർ പാലം നിർമ്മാണം | 517.00 | സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഭൂമി ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടില്ല. |
| XX | പെരപ്പയം പാലം നിർമ്മാണം | 1095.00 | പ്രാഥമിക പ്രവൃത്തികൾ നടന്നുവരുന്നു. |

## സെൻട്രൽ റോഡ് ഫണ്ട് വിഹിതം ഉപയോഗിച്ച് ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

| പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക | നിലവിലെ സ്ഥിതി |
|---|---|---|
| കരുനാഗപ്പള്ളി-അമൃതപുരി-അഴീക്കൽ ഹാർബർ റോഡ് | 13 കോടി | 72% പൂർത്തിയായി |
| പാങ്ങോട്-പുത്തൂർ-ചീരാൻകാവ്-എഴുകോൺ-നെടുമൺകാവ്-ചാത്തന്നൂർ റോഡ് | 24 കോടി | 90% പൂർത്തിയായി |

**സെക്ഷൻ ഓഫീസർ**